**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക വിപണന കമ്പനി രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി പ്രത്യേക കമ്പനി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി  കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കർഷകർക്ക് മികച്ച വരുമാനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പാക്കുക.<br><br>2. കർഷകർക്ക് ന്യായമായതും വേഗത്തിലുള്ളതുമായ പ്രതിഫലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് അവരുടെ വരുമാന ചക്രത്തിലെ അനിശ്ചിതത്വം നീക്കുന്നതിനും മുൻഗണന നല്കുക.<br><br>3. കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കർഷക സംഘങ്ങൾ, കാർഷിക സഹകരണ സൊസൈറ്റികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായിക്കുക.<br><br>4. വിപണി അടിസ്ഥാനമാക്കി ഉൽപ്പാദനം മുതൽ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ, അവയുടെ ദേശീയ/ അന്തർദേശീയ തലത്തിലുള്ള വിപണനം വരെയുള്ള കാര്യങ്ങളിൽ കർഷകരെ പ്രാപ്തരാക്കുക.<br><br>5. മൂല്യവർദ്ധനയ്ക്കായി അത്യാധുനിക ഭക്ഷ്യ സംസ്കരണ സാങ്കേതികവിദ്യ ലഭ്യമാക്കി കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന ആഭ്യന്തര, അന്തർദേശീയ വിപണികളെ കണ്ടെത്തുക. |

| | | | |
|---|---|---|---|
| | | | 6. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രിപാർക്കുകൾ, അഗ്രി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുകയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായിക്കുകയും ചെയ്യുക.<br><br>7. നിലവിലെ കാർഷിക മൊത്ത വ്യാപാര വിപണികളെ പരമാവധി നവീകരിക്കുകയും സംസ്കരണ വിപണനത്തിന് സജ്ജീകരിക്കുകയും ചെയ്യുക.<br><br>8. കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങൾക്ക് പൊതു ബ്രാൻഡിംഗ് സംവിധാനം ഏർപ്പെടുത്തുക.<br><br>9. അന്താരാഷ്ട്ര വിപണിയിൽ കേരളത്തിന്റെ സ്ഥാനം നിലനിർത്തുകയും കെട്ടിപ്പടുക്കുകയും ചെയ്യുക. |
| (ബി) | പ്രസ്തുത കമ്പനി രൂപീകരണത്തിലൂടെ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും സംസ്കരണത്തിനും കാർഷികോല്പാദനത്തെ അടിസ്ഥാനമാക്കി വിപണി കണ്ടെത്തുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും സംസ്കരണത്തിനും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.<br><br>1. കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കർഷക സംഘങ്ങൾ, കാർഷിക സഹകരണ സൊസൈറ്റികൾ എന്നിവർ വഴി നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കി വിപണനം നടത്തുവാൻ കർഷകരെ പ്രാപ്തരാക്കുക.<br><br>2. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പൊതു ബ്രാൻഡിംഗ് സംവിധാനത്തിലൂടെ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം വഴി വിപണനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.<br><br>3. മൂല്യവർദ്ധനവും സംസ്കരണവും വഴി ഉണ്ടാക്കുന്ന കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന ദേശീയ/അന്തർദേശീയ തലത്തിലുള്ള വിപണികളെ കണ്ടെത്താൻ ലക്ഷ്യമിടുന്നു.<br><br>4. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രിപാർക്കുകൾ, അഗ്രി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കും.<br><br>5. കാർഷികോൽപ്പാദനത്തെ അടിസ്ഥാനമാക്കി വിപണി കണ്ടെത്തുന്നതിനായി നിലവിലെ കാർഷിക മൊത്ത വ്യാപാര വിപണികളെ പരമാവധി |

| | | | |
|---|---|---|---|
| | | | നവീകരിക്കുകയും സംസ്കരണ വിപണനത്തിന് സജ്ജീകരിക്കുകയും ചെയ്യും.<br><br>6. കൂടാതെ, മൂല്യവർദ്ധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക എന്നതിന്റെ ഭാഗമായി കർഷകർക്കും / കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസ്സിനും ഇടയിൽ സുസ്ഥിര ഉൽപ്പാദന സഖ്യങ്ങൾ (Productive Alliance) രൂപീകരിക്കുന്നതിനുള്ള പദ്ധതി ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുവാൻ പോകുന്ന 'കേര' പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കർഷക മൂല്യ ശൃംഖലയിലെ പൊതുമേഖല, ഉത്പാദകർ / കർഷകർ, കച്ചവടക്കാർ എന്നിവർ തമ്മിലുള്ള പരസ്പര ബന്ധം ശക്തിപ്പെടുത്താൻ ഉൽപ്പാദന സഖ്യങ്ങൾക്ക് സാധിക്കുന്നു. ഇതിലേയ്ക്കായി ഏകദേശം 899 കോടി രൂപയുടെ പ്രൊവിഷൻ നല്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കമ്പനി രൂപീകരണത്തിലൂടെ സംസ്ഥാനത്ത് കാർഷികോല്പാദന- സംസ്കരണ- വിപണന രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ? | (സി) | കേരളത്തിലെ കർഷകർ, കർഷകക്കൂട്ടങ്ങൾ, കർഷക കൂട്ടായ്മകൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻസ് എന്നിവർ ഉണ്ടാക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കി അവ സംഭരിക്കുന്നതിനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്നതിനും ഉള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രാവർത്തികമാക്കും. ഇതിനായി നിലവിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികൾ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. വ്യവസായ കോൺഫറൻസുകൾ, ട്രേഡ് ഷോകൾ, എക്സ്പോ, ഫീൽഡ് മാർക്കറ്റിംഗ്, ബ്രാൻഡ് ആക്റ്റിവേഷൻ ഇവന്റുകൾ എന്നിവ സുഗമമാക്കുന്നതിന് എട്ട് കോടി രൂപ ചെലവിൽ ആനയറയിലെ കാർഷിക നഗര മൊത്ത വിപണിയിൽ ഒരു എക്സിബിഷൻ സെന്റർ സ്ഥാപിക്കും. സമാനമായ എക്സിബിഷൻ കേന്ദ്രങ്ങൾ മരടിലെയും, വേങ്ങേരിയിലെയും കാർഷിക നഗര മൊത്ത വിപണികളിലും സ്ഥാപിക്കും. ഈ സെന്ററുകൾ B2ബി മീറ്റിംഗുകൾ സ്ഥാപിക്കുന്നതിനും അതുവഴി അഗ്രി ബിസിനസിന് പുതിയ അവസരങ്ങൾ കണ്ടെത്തുന്നതിനും അവസരം ഒരുക്കുന്നു. കൂടാതെ, കാർഷിക സംരംഭകരെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ കാര്യക്ഷമമായി തയാറാക്കാൻ സഹായിക്കുന്നതിന് 'ഡിപിആർ ക്ലിനിക്ക്' എന്ന നിലയിലും കാബ്കോ പ്രവർത്തിക്കും. കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമായി ബനാന ആന്റ് ഹണി പാർക്ക്, തൃശ്ശൂർ, വെജിറ്റബിൾ പാർക്ക്, |

| | | | |
|---|---|---|---|
| | | | ചേർത്തല, കോക്കനട്ട് പാർക്ക്, കുത്താളി & വെങ്ങേരി, മാംഗോ പാർക്ക്, മുതലമട എന്നീ അഗ്രിപാർക്കുകളും കൂടാതെ അഗ്രിഫെസിലിറ്റേഷൻ സെന്ററുകളും സ്ഥാപിക്കും. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനായി ഒരു പൊതു ബ്രാൻഡിംഗ് സംവിധാനം ഏർപ്പെടുത്തി ആഭ്യന്തര, ദേശീയ, അന്തർദേശീയ വിപണികളെ കണ്ടെത്തുന്നതിന് സഹായിക്കും.  അങ്ങനെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ